# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.T 2332 – 12/06/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. അനിൽ അക്കര**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. വി. ഡി. സതീശൻ**
**ശ്രീ. വി. പി. സജീന്ദ്രൻ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായവരെ സംരക്ഷിക്കുന്നതിന് ആവിഷ്ക്കരിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി വായ്പ എടുത്തവർക്ക് ഗുണകരമായില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി പരാജയപ്പെടുവാനുണ്ടായ കാരണം അറിയിക്കുമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി വിജയകരമായ രീതിയിൽ നടപ്പിലാക്കി വരികയാണ്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം യോഗ്യമായിട്ടുള്ള 6190 അപേക്ഷകളിലെ സർക്കാർ വിഹിതം ഇതിനകം അനുവദിച്ചിട്ടുണ്ട്. ബാക്കി യോഗ്യമായ അപേക്ഷകൾക്കുള്ള സർക്കാർ സഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| ബി | നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയിട്ടില്ലാത്ത തിരിച്ചടവുള്ള സ്റ്റാന്റേർഡ് അക്കൗണ്ട് വിഭാഗത്തിൽപ്പെട്ടവർക്ക് എന്ത് ആനുകൂല്യമാണ് പ്രഖ്യാപിച്ചത്; ഇതിനകം എത്ര പേർക്ക് ഈ ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ; | സ്റ്റാന്റേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി, 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള, പരമാവധി നാലു വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും. ഇവർക്ക് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള മറ്റെല്ലാ വ്യവസ്ഥകളും ബാധകമായിരിക്കും. ഇതിനകം ഈ വിഭാഗത്തിൽപ്പെട്ട 2628 പേർക്ക് സർക്കാർ വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. |
| സി | 31.03.2016-ന് മുമ്പ് തിരിച്ചടവ് മുടങ്ങി നിഷ്ക്രിയ അക്കൗണ്ടുകളായി മാറിയ വിഭാഗത്തിൽപ്പെട്ടവരുടെ പലിശ മുഴുവൻ എഴുതി തള്ളുന്നതിന് ബാങ്കുകൾ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ; | 31.03.2016 -നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി മാറിയതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വായ്പകളിൽ 4 ലക്ഷം വരെയുള്ള വായ്പകളുടെ പലിശ ഒഴിവാക്കുന്നതിന് ബാങ്കുകൾ തയ്യാറായിട്ടുണ്ട്. 4 ലക്ഷത്തിനു മേൽ 9 ലക്ഷം വരെയുള്ള വായ്പകളുടെ പലിശ ഒഴിവാക്കുന്നതിന് അതാതു |

| | | |
|---|---|---|
| | | ബാങ്കുകളിൽ നിലവിലുള്ള പാക്കേജുകൾ പ്രകാരമുള്ള രീതിയാണ് അവലംബിക്കുന്നത്. |
| ഡി | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചില്ലായെന്നത് വസ്തുതയാണോ; | മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലേയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതാണ്. എന്നാൽ മുൻപ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നൽകിയതും അസറ്റ് റികൺസ്ട്രക്ഷൻ കമ്പനി (ARC)-ക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് ധനസഹായം നൽകുന്നത് പരിഗണിക്കാൻ കഴിയുകയില്ല. പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനി ആയതിനാലാണ് ഇങ്ങനെ കൈമാറിയ വായ്പകൾക്ക് സർക്കാർ ധനസഹായം നൽകാൻ കഴിയാത്തത്. |
| ഇ | ഈ പദ്ധതിയിൽ ആനുകൂല്യം ലഭിക്കുവാൻ ഒറ്റത്തവണയായി ലോൺ തുകയുടെ 40 ശതമാനം മുൻകൂറായി അടയ്ക്കണമെന്ന നിബന്ധന വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായിരുന്നവർക്ക് പ്രതിബന്ധം സൃഷ്ടിച്ചിരുന്നോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ അപേക്ഷകന്റെ വിഹിതം ഒടുക്കുന്നതിന് നാല്പ മാസത്തെ സാവകാശം നൽകിയിട്ടുണ്ട്. |
| എഫ് | വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥിക്ക് സ്ഥിരമായി മാനസികമോ ശാരീരികമോ ആയ വൈകല്യം ബാധിച്ചാൽ മുഴുവൻ തുകയും സർക്കാർ അടയ്ക്കുമെന്ന പ്രഖ്യാപനത്തിന്റെ ആനുകൂല്യം ഇതിനകം എത്ര പേർക്ക് ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80 ശതമാനമോ അതിലധികമോ സ്ഥിര വൈകല്യം നേരിട്ടതും മരണപ്പെട്ടുപോയ വരുമായ അപേക്ഷകരുടെ വിഭാഗത്തിൽ 57 പേർക്ക് ഇതുവരെ ആനുകൂല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ